**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2437** **04-03-2025 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025 ജനുവരിയിൽ സംസ്ഥാനത്തെ വിലക്കയറ്റത്തിന്റെ നിരക്ക് ദേശീയ നിരക്കിനേക്കാൾ ഉയർന്നു നിൽക്കുന്നുവെന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉപഭോക്തൃ സംസ്ഥാനം എന്ന നിലയ്ക്ക് സംസ്ഥാനത്ത് വിലക്കയറ്റത്തിന്റെ തോത് താരതമ്യേന ഉയർന്ന് നിൽക്കുവാനുള്ള സാധ്യത സ്വാഭാവികമാണ്. എന്നാൽ, സംസ്ഥാന സർക്കാർ നടത്തുന്ന വിപണി ഇടപെടലുകളിലൂടെയാണ് വിലക്കയറ്റം ഒരു പരിധി വരെ പിടിച്ചു നിർത്തുവാൻ സാധിക്കുന്നത്. |
| (ബി) | ദേശീയതലത്തിൽ കുറഞ്ഞു നിൽക്കുന്ന മിക്ക ഭക്ഷ്യോൽപ്പന്നങ്ങളുടെയും വില സംസ്ഥാനത്ത് ഇക്കാലയളവിൽ വർദ്ധിച്ചു എന്ന റിപ്പോർട്ടിലെ പരാമർശം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഉപഭോക്തൃ സംസ്ഥാനം എന്ന നിലയ്ക്ക് സംസ്ഥാനത്ത് വിലക്കയറ്റത്തിന്റെ തോത് താരതമ്യേന ഉയർന്ന് നിൽക്കുവാനുള്ള സാധ്യത സ്വാഭാവികമാണ്. എന്നാൽ, സംസ്ഥാന സർക്കാർ നടത്തുന്ന വിപണി ഇടപെടലുകളിലൂടെയാണ് വിലക്കയറ്റം ഒരു പരിധി വരെ പിടിച്ചു നിർത്തുവാൻ സാധിക്കുന്നത്. |
| (സി) | സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം വിവിധ സ്ഥാപനങ്ങൾ മുഖേനയുള്ള വിപണി ഇടപെടലിനായി ആകെ 451.53 കോടി രൂപ ഇതിനകം തന്നെ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. വിപണി ഇടപെടലിനായി ഈ സാമ്പത്തിക വർഷം കൂടുതൽ ധനസഹായം അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ